"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കോവളം നിയോജക മണ്ഡലം - നേമം ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള കാക്കാമൂല-കാരിക്കുഴി-അമരിവിള റോഡ് നിർമ്മാണം എന്ന പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

സ.ഉ.(സാധാ) നം.2376/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 22/12/2020

---

പരാമർശം:- 1. 2020-21-സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം-II, വാല്യം-II (ഭരണാനുമതി ഇല്ലാത്ത മരാമത്ത് പണികൾ) ക്രമ നമ്പർ 4 1 2 ആയി ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തി

2. സ.ഉ.(സാധാ) നം.3776/2020/ധന തീയതി 19.06.2020

3. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനിയറുടെ 05-10-2020- ലെ ഡി.ബി.1/10363/20/സി.ഇ./എൽ.എസ്.ജി.ഡി. നമ്പർ കത്ത്

**ഉത്തരവ്**

2020-21 സാമ്പത്തികവർഷത്തെ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം-II മരാമത്ത് പണികളുടെ വിശദവിവരങ്ങൾ വാല്യം-II-ൽ ഉൾപ്പെട്ടിരുന്ന "വെള്ളായണി-കാക്കാമൂല റോഡിൽ കലുങ്കുകളുടെ പുനരുദ്ധാരണം" എന്ന പ്രവൃത്തിയ്ക്ക് പകരം "കാക്കാമൂല-കാരിക്കുഴി അമരിവിള റോഡ് (ഗ്രാമീണ റോഡ്) " എന്ന പ്രവൃത്തി മാറ്റി നൽകിക്കൊണ്ടും പ്രസ്തുത പ്രവൃത്തി തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ ക്രമ നമ്പർ 4 1 2 ആയി ഉൾപ്പെടുത്തിക്കൊണ്ടും ബഹു.കോവളം എം.എൽ.എ.യുടെ അഭ്യർത്ഥന പ്രകാരം പരാമർശം ( 2 ) പ്രകാരം ഭേദഗതി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി പ്രവൃത്തിയ്ക്ക് തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനിയർ രണ്ട് കോടി രൂപയുടെ ഡി.പി.ആർ തയ്യാറാക്കി പരാമർശം (3) പ്രകാരം സർക്കാർ അനുമതിക്കായി സമർപ്പിക്കുകയുണ്ടായി.

2 . സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ടി റോഡ് പ്രവൃത്തിയുടെ എസ്റ്റിമേറ്റ് MORTH_ROADS2016WITH_COSTINDEX_1.3793-ലാണ് തയ്യാറാക്കിയിട്ടുള്ളത്. ഗ്രാമീണ റോഡ് ആയതിനാൽ ഗ്രാമീണ റോഡ് വികസനത്തിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ലെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനിയർ ഉറപ്പ് വരുത്തി PRICE സോഫ്റ്റ്‌വെയറിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയതിന് ശേഷം പ്രവൃത്തി നിർവ്വഹണം നടത്തേണ്ടതാണെന്ന നിബന്ധനയോടെ 2020-21 സാമ്പത്തികവർഷത്തെ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം-II മരാമത്ത് പണികളുടെ വിശദവിവരങ്ങൾ വാല്യം-II-ൽ (ഭരണാനുമതി ഇല്ലാത്ത മരാമത്ത് പണികൾ) ക്രമ നമ്പർ 412 ആയി ഉൾപ്പെടുത്തിയിട്ടുള്ള "കാക്കാമൂല-കാരിക്കുഴി അമരിവിള റോഡ് (ഗ്രാമീണ റോഡ്) റോഡ് നിർമ്മാണം എന്ന പ്രവൃത്തി രണ്ട് കോടി രൂപ ചെലവിൽ നിർവ്വഹിക്കാൻ ഭരണാനുമതി നൽകി ഉത്തരവാകുന്നു.

3. പദ്ധതിക്കാവശ്യമായ ചെലവ് 4515-00-800-92 (NP) എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ബിജുക്കുട്ടൻ എം എസ്**

**അഡിഷണൽ സെക്രട്ടറി**

പകർപ്പ്: ചീഫ് എൻജിനിയർ, തദ്ദേശ സ്വയംഭരണം , തിരുവനന്തപുരം

എക്സിക്യൂട്ടീവ് എൻജിനിയർ, തിരു:പുരം ജില്ലാ പഞ്ചായത്ത്

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.

ധനകാര്യ വകുപ്പ് (E.no.1610971/Dev-3/104/20-Fin dated 23-11-2020)

ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം

ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം

വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by NISAM N
Date: 2020[illegible]16:45:23 IST
Reason: Approved

സെക്ഷൻ ഓഫീസർ